# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1292 — 13.06.2013-ൽ മറുപടിക്ക്**

**ഓട്ടോ, ടാക്സി സ്റ്റാന്റുകൾ സ്ഥാപിക്കുമ്പോൾ സ്വീകരിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി. എ. അഹമ്മദ് കബീർ<br>,, എം. പി. അബ്ദുസ്സമദ് സമദാനി<br>,, എൻ. എ. നെല്ലിക്കുന്ന്<br>,, വി. എം. ഉമ്മർ മാസ്റ്റർ | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| (എ) ഓട്ടോ, ടാക്സി സ്റ്റാന്റുകൾ കാൽനടക്കാരുൾപ്പെടെയുള്ള യാത്രക്കാർക്ക് സഞ്ചാരസ്വാതന്ത്ര്യം നിഷേധിക്കാത്ത വിധത്തിലാവണം സ്ഥാപിക്കേണ്ടതെന്ന് കോടതി നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ; | (ബി) ഇത്തരം സന്ദർഭങ്ങളിൽ ജില്ലാഭരണകൂടവും, ട്രാഫിക് പോലീസും, മോട്ടോർ വാഹന വകുപ്പും പൊതുമരാമത്ത് വകുപ്പും സംയുക്തമായി ഇവ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (സി) സ്വകാര്യ വാഹനങ്ങൾ റോഡുകളിൽ പാർക്കു ചെയ്യുന്നതുമൂലം കാൽനടക്കാർക്കുണ്ടാകുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് എങ്ങിനെ പരിഹരിക്കാനാണ് ലക്ഷ്യമിടുന്നത്; വ്യക്തമാക്കുമോ ? | (സി) ഉണ്ട്. ട്രാഫിക് പോലീസുമായി ബന്ധപ്പെട്ട് അത്തരം പാർക്കിംഗുകൾ ഒഴിവാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ